പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 151

# 2012-ലെ കേരള ടോൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 151

# 2012-ലെ കേരള ടോൾ (ഭേദഗതി) ബിൽ

2102/2012.

# 2012-ലെ കേരള ടോൾ (ഭേദഗതി) ബിൽ

1976-ലെ കേരള ടോൾ ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1976-ലെ കേരള ടോൾ ആക്റ്റ് (1977-ലെ 6) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള ടോൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2011 നവംബർ 28-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1976-ലെ കേരള ടോൾ ആക്റ്റിലെ (1977-ലെ 6) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ, "നൂറ് ലക്ഷം രൂപ" എന്ന വാക്കുകൾക്കുപകരം "അഞ്ഞൂറ് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ് (2012-ലെ 52) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1976-ലെ കേരള ടോൾ ആക്റ്റിലെ (1977-ലെ 6) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പും 3എ വകുപ്പും പ്രസ്തുത ആക്റ്റിലെ 2-ാം വകുപ്പിന്റെ (എ) ഖണ്ഡവും കൂട്ടിവായിച്ച പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാന സർക്കാരിന്റേയോ തദ്ദേശാധികാര സ്ഥാനത്തിന്റേയോ ചെലവിൽ പൂർണ്ണമായോ ഭാഗികമായോ നിർമ്മിച്ചിട്ടുള്ളതും ഗതാഗതത്തിന് തുറന്നു കൊടുത്തതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ ഒരു പാലത്തിന്റെ

നിർമ്മാണച്ചെലവ് നൂറുലക്ഷം രൂപയിൽ കുറവല്ലാത്തപക്ഷം അതിൽ പ്രവേശിക്കുന്ന ഏതൊരു മോട്ടോർ വാഹനത്തിന്മേലും സർക്കാരിനോ തദ്ദേശാധികാരസ്ഥാനത്തിനോ ടോൾ ചുമത്താവുന്നതാണ്. നിർമ്മാണച്ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ, പ്രസ്തുത വ്യവസ്ഥകൾ പ്രകാരം വളരെ ചെറിയ പാലങ്ങളിൽനിന്നുപോലും ടോൾ പിരിക്കേണ്ടതായി വരും. അതിനാൽ, ടോൾ ചുമത്തേണ്ട പാലത്തിന്റെ ഏറ്റവും കുറഞ്ഞ നിർമ്മാണച്ചെലവ് അഞ്ഞൂറ് ലക്ഷം രൂപയായി നിശ്ചയിക്കുന്നതിനും അതനുസരിച്ച് 1976-ലെ കേരള ടോൾ ആക്റ്റിന്റെ (1977-ലെ 6) 2-ാം വകുപ്പിന്റെ (എ) ഖണ്ഡം ഉചിതമായി ഭേദഗതി ചെയ്യുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി.

കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശം ഉടനടി പ്രാബല്യത്തിൽ കൊണ്ടുവരേണ്ടിയിരുന്നതിനാലും 2011-ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ്, 2011 നവംബർ 28-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 54-ാം നമ്പർ ഓർഡിനൻസായി 2011 നവംബർ 28-ാം തീയതിയിലെ 2239-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2011 ഡിസംബർ 9-ാം തീയതി ആരംഭിച്ച് അന്നുതന്നെ അവസാനിച്ച നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2012-ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ്, 2012 ജനുവരി 18-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 12-ാം നമ്പർ ഓർഡിനൻസായി 2012 ജനുവരി 20-ാം തീയതിയിലെ 149-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2012-ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ്, 2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 36-ാം നമ്പർ ഓർഡിനൻസായി 2012 ഏപ്രിൽ 11-ാം തീയതിയിലെ 738-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2012 ജൂൺ 11-ാം തീയതി ആരംഭിച്ച് 2012 ജൂലൈ 25-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2012-ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ് (2012-ലെ 36) 2012 ജൂലൈ 23-ാം തീയതി പ്രാബല്യമില്ലാതായിതീർന്നു.

കേരള നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതായിട്ടുള്ളതിനാലും പ്രസ്തുത ഓർഡിനൻസിന് പ്രാബല്യ മില്ലാതായി തീർന്നതിനുശേഷം പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ എടുത്ത ഏതെങ്കിലും നടപടിയോ ചെയ്ത ഏതെങ്കിലും കാര്യമോ സാധൂകരിക്കുന്നതിനും വേണ്ടി 2012-ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ്, 2012 ആഗസ്റ്റ് 18-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 52-ാം നമ്പർ ഓർഡിനൻസായി 2012 ആഗസ്റ്റ് 21-ാം തീയതിയിലെ 1731-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2012-ലെ 52-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

വി. കെ. ഇബ്രാഹിം കുഞ്ഞ്.

(ശരിത്തർജ്ജമ)

## 1976-ലെ കേരള ടോൾ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1977-ലെ 6-ാം ആക്റ്റ്)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.—

(എ) "പാലം" എന്നാൽ ഒരു ഹൈവേയിലുള്ള ഏതെങ്കിലും പാലം എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ (പാലത്തെ ഹൈവേയുമായി ബന്ധിപ്പിക്കുന്നതിന് ആവശ്യമായ അപ്രോച്ച് റോഡുകളുടെ നിർമ്മാണച്ചെലവുൾപ്പെടെ) നിർമ്മാണച്ചെലവ് നൂറു ലക്ഷം രൂപയിൽ കുറവായ ഒരു പാലം ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ബി) "ഹൈവേ" എന്നാൽ പൊതുജനങ്ങൾക്ക് ഗതാഗതം ചെയ്യുന്നതിന് അവകാശം ഉള്ളതോ പ്രവേശനം അനുവദിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും റോഡോ വഴിയോ എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ 1956-ലെ നാഷണൽ ഹൈവേ ആക്റ്റ് (1956-ലെ 48-ാം നമ്പർ കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു നാഷണൽ ഹൈവേ ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഒരു ഹൈവേ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

** ** ** **